LIBRARY ARCHIVES Kerala Legislative Assembly

## ക്ഷേത്രങ്ങളിലെ പ്രതിവർഷ പുഷ്പ ആവശ്യകത

102 [2719] ശ്രീ. സ്റ്റീഫൻ ജോർജ്:
,, ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളാണ് ഉള്ളതെന്നും, പ്രസ്തുത ക്ഷേത്രങ്ങളിലെ പ്രതിവർഷ പുഷ്പ ആവശ്യകത എത്രയാണെന്നും, അത് എത്ര രൂപയുടേതാണെന്നുമുള്ള ഏകദേശ കണക്ക് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിലെ പുഷ്പ ആവശ്യകത നിറവേറ്റപ്പെടുന്നത് എപ്രകാരമാണെന്നു വെളിപ്പെടുത്താമോ;

(സി) അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള പുഷ്പങ്ങൾ ക്ഷേത്രാവശ്യങ്ങൾക്ക് ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, പുഷ്പ സ്വയംപര്യാപ്തതയ്ക്ക് ഹൈറേഞ്ചിന്റെ വ്യത്യസ്ത ഭാഗങ്ങളിലായി പൂന്തോട്ട കൃഷി വാണിജ്യാടിസ്ഥാനത്തിൽ നടപ്പിലാക്കുമോ?

### ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 1208 ക്ഷേത്രങ്ങളുണ്ട്. ഓരോ ക്ഷേത്രത്തിലും സ്ഥിരം പൂജകൾ കൂടാതെ ഭക്തജനങ്ങളുടെ വഴിപാടുകൾക്കനുസരിച്ചും പൂജകൾ നടത്തേണ്ടതിനാൽ പ്രതിവർഷ പുഷ്പ ആവശ്യകതയുടെ ഏകദേശ കണക്ക് പറയുക പ്രയാസമാണ്.

(ബി) ഭക്തജനങ്ങളിൽ നിന്നും ലഭിക്കുന്നവ, ക്ഷേത്രങ്ങളിൽ നട്ടുപിടിപ്പിച്ചിട്ടുള്ള ചെടികളിൽ (ദേവാരണ്യം) നിന്നും ലഭിക്കുന്നവ എന്നിവയ്ക്കു പുറമേ പ്രാദേശിക പുഷ്പ വ്യാപാരികളിൽ നിന്നും പൂക്കൾ ലഭ്യമാകുന്നു.

(സി & ഡി) ക്ഷേത്രാവശ്യങ്ങൾക്കായി ബോർഡ് നേരിട്ട് അന്യസംസ്ഥാനങ്ങളിൽ നിന്നും പുഷ്പങ്ങളൊന്നും വരുത്തുന്നില്ല.

ദേവാരണ്യം പദ്ധതിപ്രകാരം മിക്ക ദേവസ്വങ്ങളിലും പുഷ്പ ചെടികൾ വച്ചുപിടിപ്പിച്ചിട്ടുള്ളതിനാൽ, വാണിജ്യാടിസ്ഥാനത്തിൽ പൂന്തോട്ട കൃഷി നടത്തുന്നതിന് ബോർഡിന് തൽക്കാലം പദ്ധതികളൊന്നുമില്ല എന്ന് ദേവസ്വം ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.